**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 690** **10-02-2025 - ൽ മറുപടിയ്ക്ക്**

**പ്രതിമാസ ബില്ലിംഗ് സമ്പ്രദായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ദ്വൈമാസ ബില്ലിംഗിനു പകരം പ്രതിമാസ ബില്ലിംഗ് സമ്പ്രദായം ഏർപ്പെടുത്താൻ കെ.എസ്.ഇ.ബി. ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പ്രതിമാസ വൈദ്യുത ബിൽ തയ്യാറാക്കുന്നതിന് ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നറിയിക്കുമോ; | (എ) | കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 5.12.2024-ലെ ഉത്തരവ് പ്രകാരം പ്രതിമാസ ബിൽ പ്രത്യേകമായി ആവശ്യപ്പെടുന്ന ഉപഭോക്താക്കൾക്ക്, ആയത് നൽകണമെന്ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനോട് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിലേക്ക്, ഉപഭോക്താക്കൾ സ്വന്തം നിലയിൽ മീറ്റർ റീഡിങ് എടുത്ത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സജ്ജമാക്കുന്ന ഓൺലൈൻ സംവിധാനത്തിലേക്ക്/ മൊബൈൽ ആപ്പിലേക്ക് നൽകണമെന്നും, ഇതിന്റെ അടിസ്ഥാനത്തിൽ ബില്ലുകൾ നൽകണമെന്നും നിർദ്ദേശിക്കുന്നു. തൊട്ടടുത്ത മാസം സാധാരണ പോലെ മീറ്റർ റീഡർമാർ സ്ഥാപനത്തിൽ/വീടുകളിൽ എത്തി മീറ്റർ റീഡിങ് എടുത്ത് സാധാരണ പോലെ ബില്ലുകൾ (സെൽഫ് മീറ്റർ റീഡിങ് എടുത്തതിനുശേഷം ഉള്ള കാലയളവിലേക്ക്) നൽകുന്നതായിരിക്കും. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഇതിലേക്കായി ബില്ലിങ്ങ് സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഉപഭോക്താക്കൾ സ്വയം മീറ്റർ റീഡിംഗ് എടുക്കുന്നതിന് അനുവദിക്കുമോ; എങ്കിൽ ആയതിന്റെ ചാർജ് കണക്കാക്കാൻ സംവിധാനമുണ്ടോ; വിശദമാക്കുമോ? | (ബി) | നിലവിൽ സ്വയം മീറ്റർ റീഡിംഗ് എടുക്കുന്നതിനുള്ള സംവിധാനം ഇല്ല. എന്നാൽ കോവിഡ്-19 വ്യാപിച്ചിരുന്ന സമയത്ത്, ലോക്ക്ഡൗൺ പ്രദേശത്തുള്ള ഉപഭോക്താക്കൾക്ക് സ്വയം മീറ്റർ റീഡിംഗ് രേഖപ്പെടുത്തി ഫോട്ടോ അപ്‌ലോഡ് ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കിയിരുന്നു. ടി സംവിധാനം നിലവിലുള്ള ദ്വൈമാസ ബില്ലിംഗ് പ്രകാരമാണ് നടപ്പിലാക്കിയിരുന്നത്.<br><br>പ്രസ്തുത സംവിധാനം എല്ലാ ഉപഭോക്താക്കൾക്കും ലഭ്യമാക്കുന്ന കാര്യം പരിശോധിക്കണമെന്ന നിർദ്ദേശത്തെ തുടർന്ന് , ഉപഭോക്താക്കൾക്ക് തന്നെ മീറ്റർ റീഡിംഗ് എടുത്ത് അപ്‌ലോഡ് ചെയ്യുന്നതിനുള്ള സംവിധാനം പരീക്ഷണ അടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുവാൻ തീരുമാനിക്കുകയും, ടി സംവിധാനം 8 സെക്ഷനാഫീസുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ